**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **11-06-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോളേജ് ക്യാമ്പസുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം അറിയിക്കാമോ; | (എ) | ഉണ്ട്;<br><br>**കോളേജ് ക്യാമ്പസുകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ മാർഗ്ഗരേഖ 29-02-2024-ലെ സ.ഉ. (കൈ) നം. 16/2024/ID സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വ്യാവസായിക ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ/അദ്ധ്യാപകരെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ സംരംഭം പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അപ്രന്റിസ്ഷിപ്പിനുള്ള അവസരം** |

| | | | |
|---|---|---|---|
| | | | **നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിന് പ്രാപ്തരാക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പാർക്കുകൾ സ്ഥാപിക്കുന്നതിന് ഏത് വിധത്തിൽ മുതൽമുടക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | **ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതുസൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ വരെ ഒരു എസ്റ്റേറ്റിനും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി 1.5 കോടി രൂപ വരെയും സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്.** |
| (സി) | അത്തരം പാർക്കുകളിൽ ഏതൊക്കെ തരം ഉല്പന്നങ്ങൾക്കാണ് മുൻഗണന നൽകാൻ ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; | (സി) | **ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ ട്രേഡ്/ബ്രാഞ്ച്/കോർ സബ്ജക്റ്റ് എന്നിവയുമായി ബന്ധമുള്ള ഉൽപന്നങ്ങൾക്ക് മുൻഗണന നൽകും. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉൽപന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിനും കഴിയുന്നതാണ്. പ്രസ്തുത എസ്റ്റേറ്റുകളിൽ റെഡ് കാറ്റഗറി ഒഴികെയുള്ള വ്യവസായങ്ങൾക്ക് സ്ഥലം അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നത്.** |
| (ഡി) | ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യമേഖലയിലെ കോളേജുകളെയും ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പാർക്കുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നല്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം അറിയിക്കാമോ? | (ഡി) | സർക്കാർ, സ്വകാര്യ വേർതിരിവില്ലാതെയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നത്.<br><br>ക്യാമ്പസ് വ്യവസായ എസ്റ്റേറ്റ് ഡെവലപ്പർ പെർമിറ്റ് അനുമതി ലഭിക്കുന്ന വ്യവസായ ഭൂമിക്ക് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 1999 -ന്റെ പരിധിയിൽ വരുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കും. ഡെവലപ്പർ പെർമിറ്റിന്റെ കാലാവധി 30 വർഷമാണ്. ക്യാമ്പസ് വ്യവസായ പാർക്കിലെ പൊതു സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഡ്രൈനേജ്, ETP/CETP, laboratory, testing and certification facilities എന്നിവ ഒരുക്കുന്നതിന് ഡെവലപ്പർ ആയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനത്തിന് ഏക്കറിന് 20 ലക്ഷം രൂപ നിരക്കിൽ പരമാവധി 1.5 കോടി രൂപ |

| | | | |
|---|---|---|---|
| | | | വരെ ഒരു എസ്റ്റേറ്റിനും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണം ഉൾപ്പടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 1.5 കോടി രൂപ വരെയും സർക്കാർ ധനസഹായം നൽകുന്നതാണ്. എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യവികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയിട്ടാണ് തുക അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ